**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 602** **30-01-2024 - ൽ മറുപടിയ്ക്ക്**

**കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2016-17 വർഷം മുതൽ 2022-23 വർഷം വരെ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വിശദമാക്കാമോ; | (എ) | കേരള സർക്കാരിന്റെ വാഹന നിർമ്മാണ രംഗത്തുള്ള ഏക പൊതുമേഖലാ സ്ഥാപനമായ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് ത്രീ വീലർ ഓട്ടോ നിർമ്മിക്കുന്നതോടൊപ്പം ISRO, VSSC ബ്രഹ്മോസ് എന്നീ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ജോബ് വർക്ക് ഏറ്റെടുത്ത് നടത്തി വരുന്നു.<br><br>വിവിധ കാരണങ്ങളാൽ കമ്പനി തുടർച്ചയായി നഷ്ടത്തിലാണ് പ്രവർത്തിച്ച് വരുന്നത്. സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി 2016-ൽ പുതിയ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേന്ദ്ര ഇലക്ട്രിക് വാഹന നയത്തിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിക് ഓട്ടോറിക്ഷ രൂപകല്പന ചെയ്ത് നിർമ്മാണം നടത്തി വാണിജ്യപരമായ ഉത്പാദനം ആരംഭിച്ചു.<br><br>2017-18-ൽ 7 കോടി രൂപ മുതൽ മുടക്കിൽ VSSC ജോബ് വർക്കുകൾ കൃത്യമായി സൂക്ഷ്മതയോടും ചെയ്യുന്നതിന് ആധുനിക CNC മെഷീനുകൾ കമ്പനിയിൽ സ്ഥാപിച്ചിട്ടുണ്ട്.<br><br>ഇ-സ്കൂട്ടറുകൾ ഉത്പാദിപ്പിക്കുന്നതിനായി മുംബൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ലോർഡ്സ് മാർക്ക് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെട്ടു. ഇ-സ്കൂട്ടറുകളുടെ ഉത്പാദനം ആരംഭിക്കുവാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>സ്ഥാപനത്തിന്റെ ഇ- ഓട്ടോയുടെ വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തൊഴിൽരഹിത യുവതി യുവാക്കൾക്ക് സബ്സിഡിയോടുകൂടി 420 ഇ-ഓട്ടോ 14 ജില്ലകളിലുമായി നൽകുന്ന DIC-യുടെ ഒരു പദ്ധതി ബാങ്കുകളുടെ സഹായത്തോടെ നടപ്പിലാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം സ്മാർട്ട് സിറ്റിക്ക് 100 ഇ-ആട്ടോ നൽകുവാനുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആദ്യ ഘട്ടമായി 10 ഇ-ആട്ടോ നൽകി. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും മാർക്കറ്റ് കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു.<br><br>കെ.എ.എല്ലിന്റെ മെഷീൻ ഷോപ്പ് വികസനത്തിനായി 700 ലക്ഷം രൂപയും ഇ-വെഹിക്കിൾ നിർമ്മാണത്തിനായി വിവിധ ഘട്ടങ്ങളിലായി 83 ലക്ഷം രൂപ, 34 ലക്ഷം രൂപ, 200 ലക്ഷം രൂപ ,50 ലക്ഷം രൂപ, 400 ലക്ഷം രൂപ, 250 ലക്ഷം രൂപ എന്നിങ്ങനെ ധനസഹായവും സർക്കാരിൽ നിന്നും നൽകിയിട്ടുണ്ട്. |
| (ബി) | ഓരോ വികസന പ്രവർത്തനങ്ങൾക്കും എത്ര തുകയാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ? | (ബി) | എ പിരിവിലെ മറുപടി ദയവായി കണ്ടാലും |

സെക്ഷൻ ഓഫീസർ